**ഭരണഭാഷാ-മാതൃഭാഷ**

# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ. എ. ജയിംസ് രാജ്)**

തിരുവനന്തപുരം

നമ്പർ. 2900/2018/ഇ 4/ഡിപി തീയതി. 12.11.2020

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - സൂപ്പർവൈസർ (പ്ലേറ്റ് മേക്കിംഗ്/റി-പ്രൊഡക്ഷൻ) തസ്തികയിലെ സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ജി.ഒ.(പി) നമ്പർ 19/16/ഉ.വി.വ. തീയതി 30.09.2016.

2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. സുനിൽ കെ. സുധാകരൻ ഫയൽ ചെയ്ത OA(EKM) 1108/2020 ൻ മേലുള്ള 03.08.2020-ലെ വിധിന്യായം.

3) അച്ചടി വകുപ്പ് ഡയറക്ടറുടെ 20.10.2020-ലെ 4045/2016/ഇ 8/ഡിപി നമ്പർ ഉത്തരവ്.

## ഉത്തരവ്

അച്ചടി വകുപ്പ് മണ്ണന്തല ഗവ. പ്രസ്സിലെ സൂപ്പർവൈസർ (പ്ലേറ്റ് മേക്കിംഗ്/റീ-പ്രൊഡക്ഷൻ ) ആയിരുന്ന ശ്രീ. പി.എം. നാരായണന് പരാമർശം (3) പ്രകാരം അസിസ്റ്റന്റ് സൂപ്രണ്ട് (റീ-പ്രൊഡക്ഷൻ) ആയി സ്ഥാനക്കയറ്റം നൽകി ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (1)-ലെ വിശേഷാൽ ചട്ട പ്രകാരം യോഗ്യനായ മണ്ണന്തല ഗവ. പ്രസ്സിലെ ഒന്നാം ഗ്രേഡ് പ്ലേറ്റ് മേക്കറായ ശ്രീ. ഷിജു. കെ.ജി.യെ മണ്ണന്തല ഗവ. പ്രസ്സിൽ നിലവിൽ ഒഴിവുള്ള സൂപ്പർവൈസർ (പ്ലേറ്റ് മേക്കിംഗ്/ റീ-പ്രൊഡക്ഷൻ) തസ്തികയിൽ (32300-68700 രൂപ ശമ്പള നിരക്കിൽ) നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1)-ലെ വിശേഷാൽ ചട്ട പ്രകാരം ഒന്നാം ഗ്രേഡ് പേസ്റ്റ് അപ് ആർട്ടിസ്റ്റായ ശ്രീ.സുനിൽ കെ. സുധാകരനെ പരിഗണിക്കാൻ സാധിക്കാത്ത സാഹചര്യത്തിലാണ്, ശ്രീ. ഷിജു. കെ.ജി.യ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവായിട്ടുള്ളത് എന്ന വിവരം അറിയിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള വിധിന്യായം ഇതോടൊപ്പം പാലിച്ച് ഉത്തരവാകുന്നു.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരനെ ടിയാളെ നിയമിച്ച കാര്യാലയത്തിൽ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേധാവി ഉടൻ വിടുതൽ ചെയ്യേണ്ടതാണ്.

ഒപ്പ്/-,

അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തിക്ക്

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./സൂപ്രണ്ടിന്റെ സി.എ./

ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല/

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./ സീനിയർ സൂപ്രണ്ട്./ജൂനിയർ സൂപ്രണ്ട് ഇ 1/

ഇ 10 സീറ്റ്/ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

വി.എസ്. 12.11